എൽ.ആർ.ഇ1-231/2020

ലാൻഡ് റവന്യു കമ്മീഷണറുടെ കാര്യാലയം
പബ്ലിക്ക് ഓഫീസ് ബിൽഡിംഗ്, മ്യൂസിയം ജങ്ഷൻ
തിരുവനന്തപുരം, തീയതി : 18.04.2020.

# സർക്കുലർ

വിഷയം: കോവിഡ് 19 - റവന്യൂ ഓഫീസുകൾ തുറന്ന് പ്രവർത്തിക്കുന്നത് - സംബന്ധിച്ച്

സൂചന:
1. കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെ 15.04.2020, 16.04.2020 തീയതികളിലെ 40-3/2020-DM-1(A) നമ്പർ ഉത്തരവ്.
2. സർക്കാർ ഉത്തരവ് 78/2020/ജി.എ.ഡി. തീയതി 17.04.2020.

*****

സംസ്ഥാനത്ത് കോവിഡ്-19 ന്റെ പ്രതിരോധ പ്രവർത്തനങ്ങൾ നടക്കുന്ന സാഹചര്യത്തിൽ സൂചന (1) പ്രകാരമുള്ള കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഓഫീസുകളിലെ ജോലി സമയം, ഹാജർ എന്നിവ ക്രമീകരിക്കുന്നതിന് സൂചന (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളും നിയന്ത്രണങ്ങൾക്കു വിധേയമായി തുറന്നു പ്രവർത്തിക്കേണ്ടതാണ്. കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെയും സംസ്ഥാന ആരോഗ്യ - കുടുംബ ക്ഷേമ വകുപ്പിന്റെയും നിർദ്ദേശങ്ങൾ പാലിച്ചാണ് ഓഫീസുകൾ പ്രവർത്തിക്കുന്നതെന്ന് ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തണമെന്ന നിർദ്ദേശത്തോടെ ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. റവന്യൂ വകുപ്പിനു കീഴിലുള്ള എല്ലാ ഓഫീസുകളും (സൂചന 2 സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള റെഡ് കാറ്റഗറി, ഓറഞ്ച് എ കാറ്റഗറി ജില്ലകളും, ബാക്കിയുള്ള ജില്ലകളിലുള്ള ഹോട്ട്സ്പോട്ട് പ്രദേശങ്ങളും ഒഴികെ) ഏപ്രിൽ 21 മുതൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ദേശീയ നിർദ്ദേശങ്ങൾ ജോലി സ്ഥലത്ത് പാലിക്കേണ്ട സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ പാലിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഉറപ്പു വരുത്തി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടർമാർ സ്വീകരിക്കേണ്ട താണ്. എല്ലാ ഓഫീസുകളിലെയും ക്ലാസ്സ് 1, ക്ലാസ്സ് 2 ജീവനക്കാർ എല്ലാ പ്രവർത്തി ദിനങ്ങളിലും ജോലിക്ക് ഹാജരാകേണ്ടതും ക്ലാസ്സ് 3, ക്ലാസ്സ് 4 വിഭാഗത്തിൽപ്പെട്ട ജീവനക്കാരെ സാമൂഹിക അകലം ഉറപ്പു വരുത്തി 33 ശതമാനത്തിൽ കൂടാതെ, ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം ജില്ലാ കളക്ടർ/ഓഫീസ് മേധാവി ഉറപ്പു വരുത്തേണ്ടതാണ്.



Scanned with CamScanner

2. വില്ലേജ് ഓഫീസുകൾ 35 % ജീവനക്കാരുമായി പ്രവർത്തിക്കേണ്ടതാണ്.

3. വില്ലേജ് ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും നിന്നും ഓൺലൈനായി നൽകിയിരുന്ന മുഴുവൻ സർട്ടിഫിക്കറ്റുകളും ഓൺലൈനായി തന്നെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. ഓഫീസുകളിൽ ഹാജരാകുന്ന ജീവനക്കാർ, വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾ എന്നിവർ സാമൂഹിക അകലം പാലിക്കേണ്ടതും കഴുകി ഉപയോഗിക്കാൻ കഴിയുന്ന മാസ്ക് നിർബന്ധമായും ധരിക്കേണ്ടതുമാണ്.

5. വിവിധ ആവശ്യങ്ങൾക്കായി ഓഫീസുകളിൽ എത്തുന്ന പൊതുജനങ്ങൾക്ക് കൈകൾ അണുവിമുക്തമാക്കുന്നതിനായി ജലം, സോപ്പ്/ഹാൻഡ് വാഷ്, സാനിറ്റൈസർ എന്നിവ ഓഫീസ് കവാടത്തിനു മുൻപിൽ ക്രമീകരിക്കേണ്ടതാണ്.

6. വില്ലേജ് ഓഫീസുകളിൽ തിരക്ക് കൂടുന്ന പക്ഷം (മൂന്നിലധികം പൊതുജനങ്ങൾ) ആറടി അകലത്തിൽ സാമൂഹിക അകലം പാലിച്ചു കൊണ്ട് 'ക്യൂ' സംവിധാനമോ ടോക്കൺ സംവിധാനമോ ഏർപ്പെടുത്തേണ്ടതാണ്.

7. വില്ലേജ് ഓഫീസുകളിൽ കഴിവതും ഓൺലൈനായി തന്നെ കരം സ്വീകരിക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

8. ഓഫീസും പരിസരവും ഏപ്രിൽ 20-നു മുൻപ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെയും സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെയും മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി അണുവിമുക്തമാക്കേണ്ടതും എല്ലാ പ്രവർത്തി ദിവസവും ശുചീകരണ പ്രവർത്തനം യഥാസമയം നിർബന്ധമായും നടത്തേണ്ടതുമാണ്.

9. വീടുകളിൽ കോവിഡ്-19 നിരീക്ഷണത്തിൽ കഴിയുന്ന ജീവനക്കാർ ഓഫീസിൽ ഹാജരാകുന്നില്ലെന്ന് ജില്ലാ കളക്ടർ/ഓഫീസ് മേധാവികൾ ഉറപ്പു വരുത്തേണ്ടതാണ്.

10. ഇനിയൊരുത്തരവുണ്ടാകുന്നതു വരെ, **21.04.2020** മുതൽ തിങ്കൾ മുതൽ വെള്ളി വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ ഓഫീസ് തുറന്നു പ്രവർത്തിക്കേണ്ടതാണ്.

11. എല്ലാ ഓഫീസുകളിലും ആറടി അകലത്തിൽ സാമൂഹിക അകലം പാലിച്ചു കൊണ്ട് ഇരിപ്പിടങ്ങൾ ക്രമീകരിക്കേണ്ടതും യോഗങ്ങളും മറ്റും നടത്തുകയാണെങ്കിൽ അതിൽ പങ്കെടുക്കുന്നവരുടെ എണ്ണം പത്ത് പേരിലധികം ആകാതെ ക്രമീകരിക്കേണ്ടതാണ്.



Scanned with CamScanner

12. എല്ലാ ഓഫീസ് വാഹനങ്ങളും ഓഫീസ് വളപ്പിനുള്ളിൽ പ്രവേശിക്കുന്നതിനു മുൻപായി അണുവിമുക്തമാക്കുന്നതിനുള്ള സ്പ്രേ ഉപകരണങ്ങൾ ഉപയോഗിച്ച് അണുവിമുക്തമാക്കേണ്ടതാണ്.

13. എല്ലാ ജീവനക്കാരും കഴിയുന്നതും ഓഫീസുകളിൽ കോണിപ്പടികൾ ഉപയോഗിക്കേണ്ടതും അവശ്യഘട്ടങ്ങളിൽ ലിഫ്റ്റ് ഉപയോഗിക്കുന്നുണ്ടെങ്കിൽ ലിഫ്റ്റിന്റെ വലിപ്പം അനുസരിച്ച് ഒരേ സമയം രണ്ടോ അല്ലെങ്കിൽ നാലോ ആളുകളിലധികമാകാതെ ലിഫ്റ്റ് ഉപയോഗിക്കേണ്ടതാണ്.

കൂടാതെ, അനുബന്ധം (1) ആയി ചേർത്തിട്ടുള്ള സൂചന (1) പ്രകാരമുള്ള കേന്ദ്ര ആഭ്യന്തരകാര്യ മന്ത്രാലയത്തിന്റെ കോവിഡ് 19 മാനേജ്മെന്റിനു വേണ്ടിയുള്ള ദേശീയ നിർദ്ദേശങ്ങൾ, അനുബന്ധം (2) ആയി ചേർത്തിട്ടുള്ള ഓഫീസുകളിൽ നടപ്പിലാക്കേണ്ട 'സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ' എന്നിവയും നിർബന്ധമായി പാലിക്കേണ്ടതാണ്.

**റവന്യൂ ഓഫീസുകൾ തുറന്നു പ്രവർത്തിക്കുന്നതിനു മുൻപായി മേൽപരാമർശിച്ചിട്ടുള്ള ആവശ്യമായ എല്ലാ മുന്നൊരുക്കങ്ങളും കർശനമായി ഒരുക്കുകയും ഓഫീസ് തുറന്നു പ്രവർത്തിച്ചതിനു ശേഷവും എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടെന്ന് ജില്ലാ കളക്ടർമാർ ഉറപ്പു വരുത്തേണ്ടതാണ്.**

മേൽനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും സംസ്ഥാനത്തെ റെഡ്, ഓറഞ്ച് (എ), ഓറഞ്ച് (ബി), ഗ്രീൻ എന്നീ കാറ്റഗറിയിൽപ്പെടുത്തിയിട്ടുള്ള ജില്ലകളിലും ബാക്കിയുള്ള ജില്ലകളിലെ ഹോട്ട്സ്പോട്ട് പ്രദേശങ്ങളിലും സംസ്ഥാന സർക്കാരിൽ നിന്നും യഥാസമയം ലഭിക്കുന്ന ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി ക്രമീകരിക്കുന്നതിന് ജില്ലാ കളക്ടർമാർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
**കമ്മീഷണർ**

എല്ലാ ജില്ലാ കളക്ടർമാർക്കും

**അംഗീകാരത്തോടെ**

**സബിൻ സമീദ്**
**അസിസ്റ്റന്റ് കമ്മീഷണർ (ആർ.ഇ)**



Scanned with CamScanner

Annexure I

## National Directives for COVID-19 Management

The National Directives shall be enforced by the District Magistrate through fines and penal action as prescribed in the Disaster Management Act 2005.

### PUBLIC SPACES

1. Wearing of face cover is compulsory in all public places, work places.
2. All persons in charge of public places, work places and transport shall ensure social distancing as per the guidelines issued by Ministry of Health and Family Welfare.
3. No organization /manager of public place shall allow gathering of 5 or more persons
4. Gatherings such as marriages and funerals shall remain regulated by the District Magistrate.
5. Spitting in public spaces shall be punishable with fine.
6. There should be strict ban on sale of liquor, gutka, tobacco etc. and spitting should be strictly prohibited.

### WORK SPACES

7. All work places shall have adequate arrangements for temperature screening and provide sanitizers at convenient places.
8. Work places shall have a gap of one hour between shifts and will stagger the lunch breaks of staff, to ensure social distancing.
9. Persons above 65 years of age and persons with co-morbidities and parents of children below the age of 5 may be encouraged to work from home.
10. Use of Arogya setu will be encouraged for all employees both private and public.
11. All organizations shall sanitize their work places between shifts.
12. Large meetings to be prohibited.

### MANUFACTURING ESTABLISHMENTS

13. Frequent cleaning of common surfaces and mandatory hand washing shall be mandated.
14. No overlap of shifts and staggered lunch with social distancing in canteens shall be ensured.
15. Intensive communication and training on good hygiene practices shall be taken up.



Scanned with CamScanner

**Annexure II**

**Standard Operating Procedure for Social Distancing for Offices, Workplace, Factories and Establishments**

The following measures shall be implemented by all offices, factories and other establishments:

1. All areas in the premises including the following shall be disinfected completely using user friendly disinfectant mediums:
    a. Entrance Gate of building, office etc.
    b. Cafeteria and canteens.
    c. Meeting room, Conference halls/ open areas available/ verandah/ entrance gate of site, bunkers, porta cabins, building etc.
    d. Equipment and lifts.
    e. Washroom, toilet, sink; water points etc.
    f. Walls/ all other surfaces
2. For workers coming from outside, special transportation facility will be arranged without any dependency on the public transport system. These vehicles should be allowed to work only with 30-40% passenger capacity.
3. All vehicles and machinery entering the premise should be disinfected by spray mandatorily.
4. Mandatory thermal scanning of everyone entering and exiting the work place to be done.
5. Medical insurance for the workers to be made mandatory.
6. Provision for hand wash & sanitizer preferably with touch free mechanism will be made at all entry and exit points and common areas. Sufficient quantities of all the items should be available.
7. Work places shall have a gap of one hour between shifts and will stagger the lunch breaks of staff, to ensure social distancing.
8. Large gatherings or meetings of 10 or more people to be discouraged. Seating at least 6 feet away from others on job sites and in gatherings, meetings and training sessions.
9. Not more than 2/4 persons (depending on size) will be allowed to travel in lifts or hoists.
10. Use of staircase for climbing should be encouraged.
11. There should be strict ban of gutka, tobacco etc. and spitting should be strictly prohibited.
12. There should be total ban on non-essential visitors at sites.
13. Hospitals/clinics in the nearby areas, which are authorized to treat COVID-19 patients, should be identified and list should be available at work place all the times.



Scanned with CamScanner

GENERAL ADMINISTRATION (SECRET SECTION) DEPARTMENT

G.O (Ms) No. 78/2020/GAD Dated, Thiruvananthapuram 17.04.2020

Read: 1. GO (Ms) No. 49/2020/GAD dated 23.03.2020
2. Orders No. 40-3/2020-DM-I (A) dated 15.04.2020 and 16.04.2020 of MHA, Government of India

## ORDER

In exercise of the powers conferred under section .20 (3) of the Disaster Management Act 2005, the undersigned in his capacity as Chairperson, State Executive Committee, hereby issues enclosed revised guidelines to all Departments, District Collectors, Superintendents of Police and other Heads of Departments for the containment activities of COVID-19 for strict implementation in the State of Kerala.

*(By Order of the Governor)*

**TOM JOSE**
**CHIEF SECRETARY**

To

Additional Chief Secretary, Home & Vigilance Department
State Police Chief, Thiruvananthapuram
Principal Secretary, Revenue & DM Department
Principal Secretary, Health & Family Welfare Dept.
All Additional Chief Secretaries/ Principal Secretaries/ Secretaries
All District Collectors
All District Police Chiefs
All Heads of Departments

Copy to:

Private Secretary to Chief Minister
Private Secretary to all Ministers

Scanned with CamScanner

HoDs and other for containment of COVID-19 in the State.

Ref: Ministry of Home Affairs (MHA) order No. 40-3/2020-DM-1(A) dated 15th April, 2020 and dated 16th April, 2020.

1. Cordoning off the hotspots and highly affected districts completely and implementing very stringent restrictions in these areas.
2. Reducing human to human contact in all other areas by reducing the movement for non essential services, while securing the State boundaries other than for emergency passenger and goods transportation and continued screening.

Hotspots will be defined and notified from time to time by H&FWD, Government of Kerala.

Districts will be classified into the following categories based on the number of cases and disease threat.

| Category | Districts | Status |
|---|---|---|
| Red | Kasaragod<br>Kannur<br>Kozhikode<br>Malappuram | Complete Lockdown till May 3rd |
| Orange A | Pathanamthitta,<br>Ernakulam<br>Kollam | Lockdown till 24th April<br>Partial relaxation thereafter. |
| Orange B | Alappuzha<br>Trivandrum<br>Palakkad<br>Wayanad<br>Thrissur | Lockdown till 20th April.<br>Partial relaxation thereafter. |
| Green | Kottayam<br>Idukki | Lockdown till 20th<br>Relaxation thereafter |

Scanned with CamScanner